**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 409** **04-07-2024 - ൽ മറുപടിയ്ക്ക്**

**ഫാം ടൂറിസം മേഖലയിൽ മിൽമ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഗ്രാമീണ വിനോദസഞ്ചാര മേഖലയുടെ വികസനത്തിൽ ഫാം ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് നടപ്പിലാക്കിയിട്ടുള്ള നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | (എ) | ഗ്രാമീണ വിനോദസഞ്ചാര മേഖലയുടെ വികസനത്തിൽ ഫാം ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി 'കേരള അഗ്രി ടൂറിസം നെറ്റ് വർക്ക്' എന്ന പദ്ധതി 2021 സെപ്റ്റംബർ മാസം ആരംഭിച്ചിട്ടുണ്ട്. അഞ്ചു വിഭാഗങ്ങളിലായാണ് യൂണിറ്റുകൾ രജിസ്റ്റർ ചെയ്യുന്നത്.<br><br>കാറ്റഗറി 1 - പുരയിടത്തിലെ കൃഷി - 25 സെന്റ് വരെ (ടെറസ് ഗാർഡനുകൾ ഉൾപ്പെടെ) - കാർഷിക ഉൽപ്പന്നങ്ങളുടെ വിൽപ്പന ശൃംഖലയിൽ ഉൾപ്പെടുത്തും<br><br>കാറ്റഗറി 2 - ഫാം വിസിറ്റ് യൂണിറ്റുകൾ- 25 സെന്റ് മുതൽ 1 ഏക്കർ വരെ- ഉൽപ്പന്ന വിൽപ്പനയ്ക്കും ഫാം സന്ദർശനത്തിനുമായി നെറ്റ്വർക്കിൽ ഉൾപ്പെടുത്തും.<br><br>കാറ്റഗറി 3 - ഫാം ആക്ടിവിറ്റി സെന്ററുകൾ- 1 ഏക്കർ മുതൽ 10 ഏക്കർ വരെ- വിവിധ കൃഷി സംബന്ധമായ പ്രവർത്തനങ്ങൾ, മിയാവാക്കി വനങ്ങൾ, ഫാം റെസ്റ്റോറന്റുകൾ, ഉൽപ്പന്ന വിൽപ്പന ഔട്ട്ലെറ്റ്, മൂല്യവർദ്ധിത കാർഷിക ഉൽപ്പന്നങ്ങൾ തുടങ്ങിയവ.<br><br>കാറ്റഗറി 4 - ഫാം സ്റ്റേകൾ - താമസ സൗകര്യവും ഹോംസ്റ്റേ/ഗൃഹസ്ഥലി/ സർവീസ്ഡ് വില്ലകൾ/ ടെന്റ് അക്കോമഡേഷൻ യൂണിറ്റുകൾ എന്നിവയിൽ ഏതിലെങ്കിലും ടൂറിസം വകുപ്പിന്റെ ക്ലാസ്സിഫിക്കേഷൻ/ തദ്ദേശ സ്വയം ഭരണ സ്ഥാപന ലൈസൻസ് ഉള്ള ഫാമിംഗ് യൂണിറ്റുകൾ ഈ വിഭാഗത്തിൽ വരുന്നു.<br><br>കാറ്റഗറി 5 - ഫാം ടൂറിസം സെന്റർ- 10 ഏക്കർ മുതൽ 50 ഏക്കർ വരെ - ഗ്രീൻ ഫാംസ് കേരള നിയമങ്ങൾ പ്രകാരമുള്ള യൂണിറ്റുകൾ. |

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ ഭാഗമാകുവാൻ താൽപ്പര്യമുള്ളവരിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുകയും 952 പേർ 2 ഘട്ടങ്ങളിലായി പരിശീലനം പൂർത്തിയാക്കുകയും ചെയ്തു. 452 യൂണിറ്റുകൾ മികച്ച രീതിയിൽ പ്രവർത്തിച്ചു വരുന്നു. 103 യൂണിറ്റുകൾ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ വെബ്സൈറ്റിൽ ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഗ്രീൻ ഫാം കേരള എന്ന ക്ലാസിഫിക്കേഷൻ പദ്ധതി ടൂറിസം വകുപ്പ് നടപ്പിലാക്കി വരുന്നു. പദ്ധതി പ്രകാരം അംഗീകാരം ലഭിക്കുന്നതിന് കുറഞ്ഞ സാധാരണ ഭൂമി 10 ഏക്കറും കുറഞ്ഞ പ്ലാന്റേഷൻ ഭൂമി 50 ഏക്കറുമാണ്. കൂടാതെ ഇങ്ങനെ അംഗീകാരം കിട്ടുന്ന ഫാമുകൾക്ക് ആവശ്യമായ മാർക്കറ്റിംഗ് സപ്പോർട്ടും വിനോദസഞ്ചാര വകുപ്പ് നൽകിവരുന്നുണ്ട്. |
| (ബി) | ടൂറിസം വകുപ്പുമായി സഹകരിച്ച് സഹകരണ സ്ഥാപനമായ മിൽമ ഫാം ടൂറിസം രംഗത്ത് പുതിയ പദ്ധതികൾക്ക് തുടക്കമിട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) | നിലവിൽ പദ്ധതി നിർദ്ദേശങ്ങളൊന്നും ഔദ്യോഗികമായി ലഭ്യമായിട്ടില്ല. പദ്ധതി നിർദ്ദേശങ്ങൾ ലഭ്യമാകുന്ന മുറക്ക് പരിശോധിക്കാവുന്നതാണ്. |
| (സി) | ഫാം ടൂറിസം മേഖലയിൽ മിൽമ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾക്ക് ടൂറിസം വകുപ്പിന്റെ എന്തെല്ലാം വിധത്തിലുള്ള സഹായങ്ങളാണ് ഉറപ്പാക്കിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ; | (സി) | (ബി) പിരിവിന്റെ അതേ ഉത്തരം |
| (ഡി) | ഡയറി ഫാമുകളെയും പ്രധാന ടൂറിസം കേന്ദ്രങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ട് പുതിയ ടൂറിസം പാക്കേജുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ? | (ഡി) | അഗ്രി ടൂറിസം നെറ്റ്‌വർക്കിന്റെ ഭാഗമായി രജിസ്റ്റർ ചെയ്യപ്പെട്ട ഫാം യൂണിറ്റുകളും ടൂറിസം കേന്ദ്രങ്ങളും ഉൾക്കൊള്ളിച്ച് ടൂറിസം പാക്കേജുകൾ നടപ്പിലാക്കുന്നുണ്ട് . |

സെക്ഷൻ ഓഫീസർ